പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1967

07.12.2015-ൽ മറുപടിക്ക്.

## നാഷണൽ ഗ്രീൻ ട്രിബ്യൂണൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ബാലൻ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ സർക്യൂട്ട് ബെഞ്ച് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ആരംഭിച്ചതെന്നും എന്നു മുതലാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ ആയതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>(സി) ട്രിബ്യൂണലിന് പരാതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;<br><br>(ഡി) ട്രിബ്യൂണലിന്റെ സർക്യൂട്ട് ബെഞ്ച് ആരംഭിക്കുന്നതിന് ഏന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്? | (എ, ബി,സി & ഡി) കേരള ഹൈക്കോടതിയോട് അനുബന്ധിച്ച് നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ സർക്യൂട്ട് ബെഞ്ച് ആരംഭിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഹൈക്കോടതിയുമായി കൂടിയാലോചിച്ച് സർക്കാർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഒരു മാസത്തിലെ ഒന്നും, നാലും ആഴ്ചകളിലായിരിക്കും ബെഞ്ച് പ്രവർത്തിക്കുക പഴയ ഹൈക്കോടതിയുടെ ഹാൾ നമ്പർ VII ക്യാമ്പ് സിറ്റിംഗിനായി ഉപയോഗിക്കുന്നതാണ്. കൂടാതെ മെമ്പർമാർക്കുള്ള ചേമ്പറും ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള സൗകര്യവും അനുവദിച്ച് നൽകിയിട്ടുണ്ട്. സ.ഉ (സാധാ) നമ്പർ 2497/2015/ആഭ്യന്തരം തീയതി 03.10.2015 പ്രകാരം ട്രിബ്യൂണലിന്റെ പ്രവർത്തനത്തിനാവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകുകയും ആയത് വാങ്ങുന്നതിനുള്ള നടപടി ഹൈക്കോടതി സ്വീകരിച്ചുവരികയും ചെയ്യുന്നു. |

Rema.V

സെക്ഷൻ ഓഫീസർ